"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2022-ലെ സംസ്ഥാനതല കർഷക അവാർഡ് നിർണയ കമ്മറ്റി - ഫീൽഡ് പരിശോധനയ്ക്കും അനുബന്ധ ചെലവുകൾക്കുമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ തിരുവനന്തപുരം ജില്ലാ ട്രെഷറിയിലെ അക്കൗണ്ടിൽ ലഭ്യമായ തുകയിൽ നിന്നും 6 ലക്ഷം രൂപ അവാർഡ് നിർണയ കമ്മറ്റി ടീം ലീഡർമാർക്ക് നൽകുന്നതിനും, ബില്ലുകൾ ക്രമീകരിക്കുന്ന മുറയ്ക്ക് ടി തുക ബന്ധപ്പെട്ട STSB അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതിനുമുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (ഇ.ബി) വകുപ്പ്

സ.ഉ.(സാധാ) നം.761/2023/AGRI തീയതി,തിരുവനന്തപുരം, 02-08-2023

---

പരാമർശം:- 1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 1.7.2023 ADFW/6636/2023-TV വിജ്ഞാപനം

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 24.7.2023 ADFW/6636/2023-TV നം ഉത്തരവ്

3.കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 26.7.2023-ലെ ADFW/6636/2023_TV1 നമ്പർ കത്ത്

**ഉത്തരവ്**

2022-ലെ സംസ്ഥാനതല കർഷക അവാർഡുകൾ ക്ഷണിച്ചു കൊണ്ട് പരാമർശം (1) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) പ്രകാരം സംസ്ഥാനതല കർഷക അവാർഡ് നിർണയ കമ്മറ്റികൾക്ക് ഫീൽഡ് പരിശോധനയ്ക്കും അനുബന്ധ ചെലവുകൾക്കുമായി ബന്ധപ്പെട്ട ടീം ലീഡർമാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് 6 ലക്ഷം രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനായി അക്കൗണ്ട്സ് ഓഫീസറെ (ഹെഡ് ക്വാർട്ടേഴ്സ്) ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ മുൻകാലങ്ങളിലെ കൃഷി ഡയറക്ടറേറ്റിലെ വിവിധ പദ്ധതികൾക്കായി മാറിയ അഡ്വാൻസ് ക്ലെയിമുകൾ ക്രമീകരിക്കാത്തതു കാരണം BIMS വഴി ബിൽ പ്രോസസ്സ് ചെയ്യാൻ

സാധിക്കുന്നില്ലെന്നും, ഫണ്ടിന്റെ അപര്യാപ്തത കാരണം ഫീൽഡ് സന്ദർശനം നടത്തി വരുന്ന കമ്മറ്റി അംഗങ്ങൾ ബുദ്ധിമുട്ടുന്നതിനാൽ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ അക്കൗണ്ടിൽ നിലവിൽ ലഭ്യമായ തുകയിൽ നിന്നും 6 ലക്ഷം രൂപ ബന്ധപ്പെട്ട ടീം ലീഡർമാർക്ക് നൽകുന്നതിനും, ബില്ലുകൾ ക്രമീകരിക്കുന്ന മുറയ്ക്ക് ടി തുക ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരിച്ചെടുക്കുന്നതിനുമുള്ള അനുമതി നൽകണമെന്ന് പരാമർശം (3) കത്ത് പ്രകാരം കൃഷി ഡയറക്ടർ അഭ്യർഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ചിങ്ങം 1 കർഷകദിനത്തിൽ സംസ്ഥാന കർഷക അവാർഡ് സംഘടിപ്പിക്കേണ്ടതിനാൽ 2022-23 സാമ്പത്തിക വർഷത്തിലെ സംസ്ഥാനതല കർഷക അവാർഡ് നിർണയം നടത്തുന്നതിനു വേണ്ടി ഫീൽഡ് പരിശോധനയ്ക്കും അനുബന്ധ ചെലവുകൾക്കുമായി കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ നിലവിലുള്ള അക്കൗണ്ട് നം 701011400000162, STSB അക്കൗണ്ടിൽ ലഭ്യമായ തുകയിൽ നിന്നും 6 ലക്ഷം രൂപ ബന്ധപ്പെട്ട ടീം ലീഡർമാർക്ക് നൽകുന്നതിനും, ബില്ലുകൾ ക്രമീകരിക്കുന്ന മുറയ്ക്ക് ടി തുക ബന്ധപ്പെട്ട STSB അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതിനുമുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ് സാബിർ ഹുസൈൻ

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (AGRI-EB2/122/2023-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ